കോഴിക്കോട് മെഡിക്കൽ കോളേജിലെ ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് നടപടി

142 (1611) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അവ എന്താണെന്ന് വിശദമാക്കാമോ ;

(സി) പദ്ധതി നടപ്പിലാക്കാനായി ഏതെങ്കിലും സ്വകാര്യ വ്യക്തികളോ, സ്ഥാപനമോ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് പൂർണ്ണ വിവരം വ്യക്തമാക്കാമോ ?

ഉത്തരം

(എ)&(ബി) ഉണ്ട്. 14 ലക്ഷം രൂപ ചെലവാക്കി ഒരു പുതിയ ഇൻസിനറേറ്റർ വാങ്ങി. ഈ യന്ത്രം സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഉടനെ തന്നെ കമ്മീഷൻ ചെയ്യുന്നതാണ്.

(സി) ഐ.സി.ഐ.സി.ഐ. (കിൻഫ്രാ) എന്ന സ്ഥാപനം പൊല്യൂഷൻ കൺട്രോൾ ബോർഡുമായി സഹകരിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോട്ടു വന്നിട്ടുണ്ട്.

(ഡി) മാലിന്യ സംസ്ക്കരണത്തിനായി ഒരു ബൃഹത്തായ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഇതിനു വേണ്ടി മൂന്ന് സെന്ററുകൾ കണ്ടെത്തിയിട്ടുണ്ട്. ആലപ്പുഴ (നൂറനാട്), തൃശൂർ (കൊരട്ടി), കണ്ണൂരിൽ പരിയാരം എന്നിവയാണ് ഈ സെന്ററുകൾ. കൂടാതെ എല്ലാ ജില്ലകളിലും മാലിന്യങ്ങൾ സംഭരിച്ചു വയ്ക്കുന്നതിനുള്ള സ്ഥലങ്ങളും കണ്ടെത്തിയിട്ടുണ്ട്. മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് അഞ്ച് മുതൽ ആറ് ഏക്കർ വരെയുള്ള സ്ഥലമാണ് വേണ്ടി വരുന്നത്. ഇത്രയും സ്ഥലം ഈ മൂന്ന് സെന്ററുകളിലും കണ്ടെത്തുന്നതിന് അതാത് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് പൊല്യൂഷൻ കൺട്രോൾ ബോർഡ് നടപടി സ്വീകരിച്ചുവരുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജ് കോമ്പൗണ്ടിനകത്ത് സ്വകാര്യ വ്യക്തികൾ നടത്തുന്ന മെഡിക്കൽ ഷോപ്പ്

143 (1612) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് കോമ്പൗണ്ടിനകത്ത് ഏതെങ്കിലും സ്വകാര്യ വ്യക്തികൾ മെഡിക്കൽ ഷോപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, ആരാണ് ഈ ഷോപ്പിന് അനുമതി നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരത്തിലുള്ള സ്വകാര്യ സ്ഥാപനങ്ങൾ മെഡിക്കൽ കോളേജ് കോമ്പൗണ്ടിനകത്ത് കച്ചവടം നടത്തുന്നുണ്ടോ ;

(ഡി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മെഡിക്കൽ കോളേജ് കോമ്പൗണ്ടിനകത്ത് കെ.എച്ച്.ആർ.ഡബ്ല്യു.എസ്. അനുവദിച്ച മെഡിക്കൽ ഷോപ്പ് പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) കെ.എച്ച്.ആർ.ഡബ്ല്യു.എസ്. മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരം ആണ് അനുമതി നൽകിയത്.

(സി)&(ഡി) എച്ച്.ഡി.എസ്.ന്റെ അനുവാദത്തോടെ ഏറെ വർഷങ്ങളായി മിൽമാ ബൂത്ത്, എസ്.റ്റി.ഡി. ബൂത്ത്, റിഫ്രഷ്മെന്റ് സ്റ്റാൾ, ക്യാന്റീൻ എന്നിവ നടത്തിവരുന്നുണ്ട്.

രോഗിയെ പീഡിപ്പിച്ച സംഭവം

144 (1613) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്ലാസ്റ്റിക് സർജറി വിഭാഗത്തിൽ ശ്രീകാന്ത് എന്ന രോഗിയെ ചീഫ് സർജൻ ഓപ്പറേഷൻ തീയേറ്ററിൽനിന്നും പുറത്താക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2003 മാർച്ച് 31-ന് രാവിലെ ഓപ്പറേഷൻ തീയേറ്ററിൽ പ്രവേശിച്ച രോഗിക്ക് വൈകുന്നേരം വരെ ദാഹജലംപോലും നൽകിയിട്ടില്ലെന്നും അയാളെ മാനസികമായി പീഡിപ്പിച്ചുവെന്നുമുള്ള പരാതിയിൻമേൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ, ആയത് വിശദമാക്കാമോ ;

(സി) ഓപ്പറേഷൻ തീയേറ്ററിൽ രാവിലെ പ്രവേശിപ്പിച്ച രോഗിയെ വൈകുന്നേരം വരെ തീയേറ്ററിൽ കിടത്തിയിട്ട് ഓപ്പറേഷൻ നടത്താതെ പുറത്താക്കിയ ചീഫ് സർജനെതിരെ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ;

(ഡി) ശസ്ത്രക്രിയ നിഷേധിച്ചതിനും മാനസികമായി പീഡിപ്പിച്ചതിനും ചീഫ് സർജനിൽനിന്നും നഷ്ടപരിഹാരം ഈടാക്കി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇതുമായി ബന്ധപ്പെട്ട ഒരു സംഭവം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടന്നതായി പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി-ഡി) സംഭവത്തിന്റെ നിജസ്ഥിതി അറിയുന്നതിനും മേൽനടപടിക്കുംവേണ്ടി മെഡിക്കൽ വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly